LIBRARY ARCHIVES Kerala Legislative Assembly

(സി) ഫയർ & റെസ്ക്യൂ വിഭാഗത്തിന് നിലവിൽ പ്രത്യേകമായ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

ഫയർ & റെസ്ക്യൂ വിഭാഗത്തിന് മാത്രമായി പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടില്ല. ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) മലയോര മേഖലകളിലും വീതികുറഞ്ഞ വഴികളിലും എത്തിച്ചേർന്ന് റെസ്ക്യൂ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ചെറുവാഹനങ്ങൾ ഉൾപ്പെടെയുള്ള ആധുനിക സജ്ജീകരണങ്ങൾ നിലവിൽ വിഭാഗത്തിന് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

ഉണ്ട്. 25 എണ്ണം ഫസ്റ്റ് റെസ്പോൺസ് വെഹിക്കിളുകൾ, 55 എണ്ണം മൾട്ടി യൂട്ടിലിറ്റി വെഹിക്കിളുകൾ, 50 എണ്ണം ബുള്ളറ്റ് വിത്ത് വാട്ടർ മിസ്റ്റ് എന്നിവ വാങ്ങുകയും പുതുതായി 27 എണ്ണം ഫസ്റ്റ് റെസ്പോൺസ് വെഹിക്കിളുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്.

**ഫയർ സ്റ്റേഷൻ നിർമ്മാണം**

127 (1491) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പാലം കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ വകുപ്പുതല ശിപാർശയുള്ള ഫയർ സ്റ്റേഷന്റെ നിർമ്മാണത്തിന് അനുമതി നൽകുന്ന ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിൽ നിലവിലുളള ഫയൽ നമ്പർ അടക്കമുളള വിശദാംശങ്ങൾ നൽകാമോ;

&

(സി) ഫയർ സ്റ്റേഷൻ ആരംഭിക്കാൻ ആവശ്യമായ ഭൂമി കാലിക്കറ്റ് സർവ്വകലാശാല നൽകിയ സാഹചര്യത്തിൽ ഫയർ സ്റ്റേഷന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ?

18-2-2021-ലെ സ.ഉ.(കൈ)51/2021/ആഭ്യന്തരം പ്രകാരം താനൂർ, പട്ടാമ്പി, കോങ്ങാട്, കൊല്ലങ്കോട്, കല്ലമ്പലം എന്നിവിടങ്ങളിൽ പുതിയ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനും ആയതിലേയ്ക്കായി തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനും ഉള്ളൂർ, മാവൂർ, ചീമേനി, പനമരം, വൈത്തിരി, രാജാക്കാട്, ആറന്മുള, പാലോട്, നേര്യമംഗലം എന്നിവിടങ്ങളിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഉത്തരവായിരുന്നു. സംസ്ഥാനത്ത് മറ്റ് പുതിയ

ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. ഈ വിവരം 19-7-2021-ലെ എഫ്2/199/ 2021/ ആഭ്യന്തരം നമ്പർ കത്ത് മുഖേന എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്.

(ഡി) ഇതിനായി മുൻകാല ബഡ്ജറ്റുകളിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

2019-20 ബഡ്ജറ്റിൽ 20 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു.

**ആലത്തൂർ ഫയർ സ്റ്റേഷൻ**

128 (1492) ശ്രീ. കെ. ഡി. പ്രസേനൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർ സ്റ്റേഷന് വേണ്ടിയുള്ള പുതിയ കെട്ടിടനിർമ്മാണ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

വകുപ്പിന് കൈമാറി ലഭിച്ച സ്ഥലത്ത് ഫയർസ്റ്റേഷൻ കെട്ടിടം പണിയുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി പ്ലാൻ, സ്കെച്ച്, മഹസ്സർ, ഫംഗ്ഷണൽ റിക്വയർമെന്റ് സഹിതം കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനായി പാലക്കാട് പൊതുമരാമത്ത് കെട്ടിടം വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിക്കുകയാണ്.

(ബി) കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളും നടപടികളും എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ബന്ധപ്പെട്ട പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കി, വകുപ്പ് അംഗീകരിച്ച് ബിൽഡിംഗിനുള്ള ഭരണാനുമതി നൽകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ കഴിയും.

**അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണം**

129 (1493) ശ്രീമതി ദലീമ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ ഫയർ സ്റ്റേഷൻ നിലവിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly